ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 24.10.2025** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. വനിതാ നേതാക്കൾ നയിക്കുന്ന സമൂഹം കൂടുതൽ മാനുഷികവും ഫലപ്രദവുമാകുമെന്ന് രാഷ്ട്രപതി ദ്രൗപതി മുർമു. കേരള സന്ദർശനം പൂർത്തിയാക്കി രാഷ്ട്രപതി ഡൽഹിക്ക് മടങ്ങി.

   **President Draupadi Murmu said that a society led by women leaders will be more humane and effective. The President returned to Delhi after completing her Kerala visit.**

2. ഐക്യരാഷ്ട്ര സംഘടനയ്ക്കും ബഹുരാഷ്ട്രവാദത്തിനും ഇന്ത്യ നൽകുന്ന പിന്തുണ തുടരുമെന്ന് വിദേശകാര്യ മന്ത്രി എസ്. ജയശങ്കർ.

   **External Affairs Minister S. Jaishankar said that India will continue to support the United Nations and multilateralism.**

3. ജിഎസ്ടി രജിസ്ട്രേഷൻ പ്രക്രിയ ലളിതമാക്കുന്നതിനുള്ള നടപടികൾ ജിഎസ്ടി കൗൺസിൽ അംഗീകരിച്ചതായി ധനമന്ത്രി നിർമ്മല സീതാരാമൻ.

   **Finance Minister Nirmala Sitharaman said that the GST Council has approved measures to simplify the GST registration process.**

4. പൊതുജനപങ്കാളിത്തത്തിലൂടെ പോളിയോ നിർമ്മാർജ്ജനം ചെയ്യുന്നതിൽ ഇന്ത്യ ശ്രദ്ധേയമായ നേട്ടം കൈവരിച്ചതായി കേന്ദ്രമന്ത്രി ജെ പി നഡ്ഡ.

   **Union Minister JP Nadda said that India has made remarkable achievements in eradicating polio through public participation.**

5. കേരളത്തിൽ ശക്തമായ മഴ തുടരുന്നു. നാല് ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രത. കേരള-കർണാടക-ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് വിലക്ക്.

Heavy rains continue in Kerala. Orange alert in four districts today. Fishing banned on the Kerala-Karnataka-Lakshadweep coasts.

6. വനിതാ ഏകദിന ലോകകപ്പ് ക്രിക്കറ്റിൽ പാകിസ്ഥാൻ-ശ്രീലങ്ക മത്സരം മഴ മൂലം തടസ്സപ്പെട്ടു.

Pakistan-Sri Lanka match in the Women's One-Day World Cup cricket was interrupted due to rain.

*************************

## PRESIDENT -KERALA (INTRO)

ഇന്ത്യയെ വികസിത ഭാരതമാക്കി മാറ്റുന്നതിന് കൂടുതൽ സ്ത്രീകളുടെ പങ്കാളിത്തം വളരെ അത്യാവശ്യമാണെന്ന് രാഷ്ട്രപതി ദ്രൗപതി മുർമു. എറണാകുളം സെന്റ് തെരേസാസ് കോളേജിന്റെ ശതാബ്ദി ആഘോഷ സമ്മേളനം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു രാഷ്ട്രപതി.
(ഹോൾഡ് വോയ്സ്)
വനിതാ നേതാക്കൾ നയിക്കുന്ന സമൂഹം കൂടുതൽ മാനുഷികവും ഫലപ്രദവുമാകുമെന്ന് രാഷ്ട്രപതി പറഞ്ഞു. രാഷ്ട്രനിർമ്മാണത്തിലും സാമൂഹിക സാമ്പത്തിക പരിഷ്കാരങ്ങളിലും മികവ് പുലർത്തിയ കേരളത്തിലെ സ്ത്രീകളെ രാഷ്ട്രപതി അനുസ്മരിച്ചു. കോളേജിന്റെ ശതാബ്ദി ലോഗോയും രാഷ്ട്രപതി പുറത്തിറക്കി.

*************************

## President visit

നാല് ദിവസത്തെ കേരള സന്ദർശനം പൂർത്തിയാക്കി രാഷ്ട്രപതി ദ്രൗപദി മുർമു ഡൽഹിയിലേക്ക് മടങ്ങി. കൊച്ചി അന്താരാഷ്ട്ര വിമാനത്താവളത്തിൽ നിന്ന് ഉച്ചക്ക് 2.15ന് വ്യോമസേനയുടെ പ്രത്യേക വിമാനത്തിലാണ് രാഷ്ട്രപതി മടങ്ങിയത്. ഗവർണർ രാജേന്ദ്ര വിശ്വനാഥ് അർലേക്കർ, കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി, മന്ത്രി വി.എൻ വാസവൻ എന്നിവരുടെ നേതൃത്വത്തിൽ വിമാനത്താവളത്തിൽ രാഷ്ട്രപതിക്ക് യാത്ര അയപ്പ് നൽകി. നാലുദിവസത്തെ സന്ദർശനത്തിനായി ചൊവ്വാഴ്ച വൈകീട്ടാണ് രാഷ്ട്രപതി കേരളത്തിൽ എത്തിയത്.

തിരുവനന്തപുരം, പത്തനംതിട്ട, കോട്ടയം ജില്ലകളിലെ സന്ദർശനം പൂർത്തിയാക്കി ഇന്ന് രാവിലെയാണ് കൊച്ചിയിൽ എത്തിയത്.

*************************

## NIRMALA-GST

ജിഎസ്ടി രജിസ്ട്രേഷൻ പ്രക്രിയ ലളിതവും കൂടുതൽ സുതാര്യവുമാക്കുന്നതിനുള്ള നടപടികൾ ജിഎസ്ടി കൗൺസിൽ അംഗീകരിച്ചതായി ധനമന്ത്രി നിർമ്മല സീതാരാമൻ. യു പി യിലെ ഗാസിയാബാദിൽ ഇന്ന് പുതിയ സിജിഎസ്ടി ഭവൻ ഉദ്ഘാടനം ചെയ്യുകൊണ്ട്, സംസാരിക്കുകയായിരുന്നു കേന്ദ്ര ധനമന്ത്രി. ലളിതമായ ജിഎസ്ടി രജിസ്ട്രേഷൻ പദ്ധതി അടുത്ത മാസം 1 മുതൽ പ്രാബല്യത്തിൽ വരും. പ്രതിമാസ ഔട്ട്പുട്ട് നികുതി ബാധ്യത രണ്ട് ലക്ഷത്തി അൻപതിനായിരം രൂപയിൽ കവിയാത്ത അപേക്ഷകർക്ക് മൂന്ന് പ്രവൃത്തി ദിവസങ്ങൾക്കുള്ളിൽ ഓട്ടോമാറ്റിക് രജിസ്ട്രേഷൻ അനുവദിക്കുമെന്ന് ശ്രീമതി നിർമല സീതാരാമൻ പറഞ്ഞു.

*************************

## ARMY COMMANDERS

രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ് ഇന്ന് രാജസ്ഥാനിലെ ജയ്സാൽമറിൽ ആർമി കമാൻഡർമാരുടെ സമ്മേളനത്തിൽ അധ്യക്ഷത വഹിച്ചു. സമ്മേളനത്തിനിടെ സംയുക്ത സൈനിക മേധാവി ജനറൽ അനിൽ ചൗഹാനൊപ്പം, ശ്രീ. സിംഗ് നിലവിലെ സുരക്ഷാ സാഹചര്യം അവലോകനം ചെയ്യുകയും ഇന്ത്യൻ സൈന്യത്തിന്റെ പ്രവർത്തന ശേഷി വർദ്ധിപ്പിക്കുന്നതിനുള്ള തന്ത്രങ്ങൾ പര്യവേക്ഷണം ചെയ്യുകയും ചെയ്തു. നമൻ കേന്ദ്ര, സൈനിക് യാത്രി മിത്ര ആപ്പ്, ഉപ്കരൺ ഹെൽപ്പ് ലൈൻ ആപ്പ് എന്നിവയും ചടങ്ങിൽ രാജ്യരക്ഷാ മന്ത്രി പുറത്തിറക്കി.

*************************

## NADDA POLIO

അചഞ്ചലമായ ശ്രമങ്ങളിലൂടെയും ശക്തമായ പൊതുജനപങ്കാളിത്തത്തിലൂടെയും പോളിയോ നിർമ്മാർജ്ജനം

ചെയ്യുന്നതിൽ ഇന്ത്യ ശ്രദ്ധേയമായ നേട്ടം കൈവരിച്ചതായി കേന്ദ്രമന്ത്രി ജെ പി നഡ്ഡ. ലോക പോളിയോ ദിനത്തോടനുബന്ധിച്ച് സമൂഹ മാധ്യമത്തിൽ പങ്കുവച്ച കുറിപ്പിലാണ് കേന്ദ്രമന്ത്രിയുടെ വെളിപ്പെടുത്തൽ. സമയബന്ധിതമായ വാക്സിനേഷനിലൂടെ ഓരോ കുട്ടിയെയും സംരക്ഷിക്കാനുള്ള പ്രതിബദ്ധത പുതുക്കാനും ആരോഗ്യകരവും പോളിയോ രഹിതവുമായ ഭാവിക്കായി ഒരുമിച്ച് പ്രവർത്തിക്കാനും അദ്ദേഹം ജനങ്ങളോട് അഭ്യർത്ഥിച്ചു.

*************************

## GOYAL- BERLIN

ജർമ്മനിയിലെ ബെർലിനിൽ നടന്ന ഗ്ലോബൽ ഡയലോഗിന്റെ മൂന്നാം പതിപ്പിൽ കേന്ദ്രമന്ത്രി പീയൂഷ് ഗോയൽ പങ്കെടുത്തു. ദീർഘകാലാടിസ്ഥാനത്തിലുള്ളതും പരസ്പരമുള്ളതുമായ വളർച്ചയാണ് വ്യാപാര പങ്കാളിത്തങ്ങളിലൂടെ ഇന്ത്യ ലക്ഷ്യമിടുന്നതെന്ന് അദ്ദേഹം സമൂഹമാധ്യമത്തിൽ കുറിച്ചു. നവീകരണവും സംരംഭകത്വവും ഇന്ത്യയെ, ലോകത്തിലെ ഏറ്റവും ആകർഷകമായ നിക്ഷേപ കേന്ദ്രങ്ങളിലൊന്നാക്കി മാറ്റാൻ സഹായിക്കുന്നുവെന്നും കേന്ദ്രമന്ത്രി വ്യക്തമാക്കി.

*************************

## PM-BIHAR RALLY

ബീഹാർ നിയമസഭാ തിരഞ്ഞെടുപ്പിനുള്ള എൻഡിഎ യുടെ പ്രചാരണത്തിന് തുടക്കം കുറിച്ച് മുതിർന്ന ബിജെപി നേതാവും പ്രധാനമന്ത്രിയുമായ നരേന്ദ്ര മോദി. ഇന്ന് ബിഹാറിലെ സമസ്തിപൂരിൽ നടന്ന തിരഞ്ഞെടുപ്പ് റാലിയോടെയാണ് മുന്നണിയുടെ പ്രചാരണത്തിന് പ്രധാനമന്ത്രി തുടക്കം കുറിച്ചത്. ബെഗുസാരായിയിൽ പിന്നീട് നടന്ന രണ്ടാമത്തെ സമ്മേളനത്തെയും ശ്രീ മോദി അഭിസംബോധന ചെയ്തു.

*************************

## REV. BSF-NATIONAL UNITY DAY

ഇത്തവണത്തെ ദേശീയ ഏകതാ ദിനാഘോഷം എല്ലാവരെയും ഉൾക്കൊള്ളുന്നതും രാജ്യത്തുടനീളമുള്ള സുരക്ഷാ

ഉദ്യോഗസ്ഥരുടെ പങ്കാളിത്തം കൊണ്ട് ശ്രദ്ധേയമാകുമെന്നും ബിഎസ്എഫ് ഡയറക്ടർ ജനറൽ ദൽജിത് സിംഗ് ചൗധരി. ദേശീയ ഏകതാ ദിനത്തോടനുബന്ധിച്ച് ന്യൂഡൽഹിയിൽ നടന്ന വാർത്താസമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. രാജ്യത്തിന്റെ ഐക്യവും അഖണ്ഡതയും ശക്തിപ്പെടുത്താൻ പൗരന്മാർ സന്നദ്ധരായിരിക്കണമെന്നും അദ്ദേഹം അഭ്യർത്ഥിച്ചു. സർദാർ വല്ലഭായ് പട്ടേലിന്റെ ജന്മവാർഷികദിനമായ ഒക്ടോബർ 31 ആണ് രാജ്യം ദേശീയ ഏകതാ ദിവസ് ആയി ആഘോഷിക്കുന്നത്.

************************

## MANN KI BAAT

പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടിയായ മൻ കി ബാത്തിലൂടെ പ്രധാനമന്ത്രി നരേന്ദ്രമോദി മറ്റന്നാൾ രാവിലെ 11 മണിക്ക് ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കും. പരിപാടിയുടെ 127-ാം പതിപ്പാണിത്. ആകാശവാണിയുടെ എല്ലാ നിലയങ്ങളും ദൂരദർശനും മൻ കി ബാത്ത് പ്രക്ഷേപണം ചെയ്യും.

************************

## JAISHANKAR -UN (INTRO)

ബഹുരാഷ്ട്രവാദത്തോടുള്ള പ്രതിബദ്ധത ശക്തമായി തുടരണമെന്നും ഐക്യരാഷ്ട്ര സംഘടനയെ പിന്തുണയ്ക്കണമെന്നും വിദേശകാര്യ മന്ത്രി എസ്. ജയശങ്കർ. ഐക്യരാഷ്ട്ര സംഘടനയുടെ 80-ാം വാർഷികത്തോടനുബന്ധിച്ച് ന്യൂഡൽഹിയിൽ നടന്ന അനുസ്മരണ തപാൽ സ്റ്റാമ്പ് പ്രകാശന ചടങ്ങിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

സമാധാനം, സുരക്ഷ, വികസനം, പുരോഗതി എന്നീ ആശയങ്ങളോടുള്ള ഇന്ത്യയുടെ പ്രതിബദ്ധത ആവർത്തിച്ച ശ്രീ ജയശങ്കർ ഐക്യരാഷ്ട്ര സംഘടനയ്ക്കും ബഹുരാഷ്ട്രവാദത്തിനും ഇന്ത്യ നൽകുന്ന ശക്തമായ പിന്തുണ തുടരുമെന്നും വ്യക്തമാക്കി. (ഹോൾഡ് വോയ്സ്)

************************

## PM

രാജ്യത്തെ യുവാക്കളുടെ സ്വപ്ന സാഫല്യത്തിനുള്ള അവസരമാണ് കേന്ദ്ര സർക്കാർ സംഘടിപ്പിക്കുന്ന റോസ്ഗാർ മേളകളെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. 17 -ാമത് ദേശീയ റോസ്ഗാർ മേളയുടെ ഭാഗമായി 51,000 നിയമന പത്രങ്ങൾ വീഡിയോ കോൺഫറൻസിങ്ങിലൂടെ കൈമാറുകയായിരുന്നു പ്രധാനമന്ത്രി. മേളയിലൂടെ 11 ലക്ഷം നിയമനപത്രങ്ങൾ ഇതിനകം നൽകിയതായും അദ്ദേഹം പറഞ്ഞു. രാജ്യത്തുടനീളം 40 കേന്ദ്രങ്ങളിലാണ് ഇന്ന് റോസ്ഗാർ മേള നടന്നത്.

**************************

## ROZGAR-GEORGE KURIAN

റോസ്ഗാർ മേളയുടെ ഭാഗമായി തപാൽ വകുപ്പ് തിരുവനന്തപുരത്ത് സംഘടിപ്പിച്ച തൊഴിൽമേള കേന്ദ്ര സഹ മന്ത്രി ജോർജ്ജ് കുര്യൻ ഉദ്ഘാടനം ചെയ്തു. ഓരോ കുടുംബത്തിൻ്റെയും വ്യക്തിയുടെയും വരുമാനം വർധിച്ചാൽ മാത്രമേ ഇന്ത്യയെ 2047 ൽ വികസിത രാജ്യമാക്കി മാറ്റാൻ സാധിക്കൂവെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി.

**************************

## UNION MINISTER OF STATE V SOMANNA

കോഴിക്കോട് സംഘടിപ്പിച്ച റോസ്ഗർ മേളയെ കേന്ദ്ര സഹമന്ത്രി വി സോമണ്ണ അഭിസംബോധന ചെയ്തു. കേന്ദ്ര സർക്കാർ കൂടുതൽ തൊഴിൽ അവസരങ്ങൾ ഒരുക്കുന്നതിനൊപ്പം, വ്യാപാരം സുഗമമാക്കുന്നതിനുള്ള ആവാസവ്യവസ്ഥ സൃഷ്ടിക്കുന്നുണ്ടെന്നും അദ്ദേഹം പറഞ്ഞു. കോഴിക്കോട് റെയിൽവേ സ്റ്റേഷൻ പുനർവികസന പ്രവൃത്തികളും കേന്ദ്രമന്ത്രി വിലയിരുത്തി.

**************************

## ICC WOMEN WORLD CUP

വനിതാ ഏകദിന ലോകകപ്പ് ക്രിക്കറ്റിൽ പാകിസ്ഥാനും ശ്രീലങ്കയും തമ്മിൽ കൊളംബോയിൽ നടക്കുന്ന മത്സരം മഴ മൂലം തടസ്സപ്പെട്ടു. 34 ഓവറാക്കി ചുരുക്കിയ മത്സരത്തിൽ ടോസ് നേടിയ ശ്രീലങ്ക പാകിസ്ഥാനെ ബാറ്റിംഗിന് അയച്ചു. മഴയെ തുടർന്ന് കളി

നിർത്തുന്പോൾ പാകിസ്ഥാൻ 4.2 ഓവറിൽ വിക്കറ്റ് നഷ്ടമാകാതെ 18 റൺസ് എടുത്തിട്ടുണ്ട്.

*************************

## SCHOOL SPORTS – KERALA

സംസ്ഥാന സ്കൂൾ കായികമേളയിൽ 1264 പോയിൻറുകളുമായി വിജയക്കുതിപ്പ് തുടർന്ന് തിരുവനന്തപുരം ജില്ല. 144 സ്വർണവും, 103 വെള്ളിയും, 124 വെങ്കലവുമാണ് തിരുവനന്തപുരം ഇതുവരെ നേടിയത്. തൃശൂർ രണ്ടാമതും, എറണാകുളം മൂന്നാമതുമാണ്.

*************************

## WEATHER – KERALA

കേരളത്തിലെ വിവിധ ജില്ലകളിൽ ഇന്നും ശക്തമായ മഴ തുടരുകയാണ്. തിരുവനന്തപുരം, കൊല്ലം, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ കേന്ദ്ര കാലാവസ്ഥാ വകുപ്പ് ഇന്ന് ഓറഞ്ച് ജാഗ്രത പ്രഖ്യാപിച്ചു. മറ്റെല്ലാ ജില്ലകളിലും ഇന്ന് മഞ്ഞ ജാഗ്രതയാണ്. നാളെ കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ മാത്രമാണ് മഞ്ഞ ജാഗ്രത. സംസ്ഥാനത്ത് അടുത്ത 5 ദിവസം ഇടിയോട് കൂടിയ മഴ തുടരും. കേരള തീരത്ത് മറ്റന്നാൾ വരെയും, കർണാടക-ലക്ഷദ്വീപ് തീരങ്ങളിൽ ചൊവ്വാഴ്ച വരെയും മത്സ്യബന്ധനത്തിന് പോകാൻ പാടില്ലെന്നും മുന്നറിയിപ്പുണ്ട്.

*************************

## PM SREE

പിഎം ശ്രീ പദ്ധതിയിൽ കേരളം ഒപ്പുവച്ചത് വിദ്യാർത്ഥികൾക്ക് അർഹതപ്പെട്ട കേന്ദ്ര ഫണ്ട് നഷ്ടപ്പെടുത്താതിരിക്കാനാണെന്ന് വിദ്യാഭ്യാസമന്ത്രി വി ശിവൻകുട്ടി. പദ്ധതിയിൽ ഒപ്പുവക്കാത്തതിൻറെ പേരിൽ 1,158 കോടി രൂപയാണ് ഇതിനകം സംസ്ഥാനത്തിന് നഷ്ടമായത്. പിഎം ശ്രീ യിൽ ഒപ്പുവക്കുന്നതിലൂടെ 1,476 കോടി രൂപ സംസ്ഥാനത്തിന് ലഭ്യമാകുമെന്നും മന്ത്രി പറഞ്ഞു. പി.എം.ശ്രീയിൽ ഒപ്പിടുന്നത് സാങ്കേതികപരം മാത്രമാണെന്നും, കേരളത്തിൻറെ പാഠ്യ

പദ്ധതിയോ, പാഠപുസ്തകങ്ങളോ ഇതുമൂലം മാറില്ലെന്നും ശ്രീ വി ശിവൻകുട്ടി വ്യക്തമാക്കി.

*************************

## GST-STATIONARY

പുത്തൻതലമുറ ജിഎസ്ടി പരിഷ്കാരങ്ങൾ സ്റ്റേഷനറി വസ്തുക്കളുടെ നികുതി ഗണ്യമായി കുറച്ചത് വിദ്യാർത്ഥികൾക്കുൾപ്പെടെ പ്രയോജന ചെയ്യുന്നതാണ്. പെൻസിലുകൾ, ഷാർപ്പനറുകൾ, ക്രയോണുകൾ, ഗ്രാഫ് പുസ്തകങ്ങൾ, മാപ്പ് തുടങ്ങിയവയുടെ നികുതി ഒഴിവാക്കിയിട്ടുണ്ട്. പാക്കിംഗ് ബോക്സുകളുടെ ജിഎസ്ടി 12 ശതമാനത്തിൽ നിന്ന് 5 ശതമാനമായി കുറച്ചത് ചെറുകിട നിർമ്മാതാക്കളുടെയും ഓൺലൈൻ വിൽപ്പനക്കാരുടെയും പാക്കേജിംഗ് ചെലവ് കുറയ്ക്കാൻ സഹായകമായി.

*****************************************************************************************************
******************